പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4113 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

ചോദ്യം
ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുവാൻ ഒരുങ്ങുന്നു എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന് സുശീൽഖന്ന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | താൽക്കാലിക ജീവനക്കാരെ പിരിച്ചു വിടുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. കെ.എസ്.ആർ.ടി.സി പുനരുദ്ധരിക്കുന്നതിന് വേണ്ടി പ്രൊഫ. സുശീൽ ഖന്നയെ റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിട്ടുണ്ട്.<br>സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ ജീവനക്കാർ വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമെ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം അധികമാണ്. പ്രത്യേകിച്ചും 4000 ഓളം ഡബിൾ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി പുന:ക്രമീകരിക്കുമ്പോൾ വീണ്ടും ഈ തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിക്കുവാനാണ് ഇടയുള്ളത്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ ജീവനക്കാരുടെ എണ്ണത്തിൽ |

| | | | |
|---|---|---|---|
| | | | വ്യത്യാസം വരുത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (ബി) | 10 വർഷത്തിലധികം താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ തസ്തികയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 10 വർഷത്തിലധികം താൽക്കാലിക സർവ്വീസ് ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ശുപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല. |
| (സി) | 2012ലെ ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**